പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 19.06..2014 -ൽ

നിയമസഭാ ചോദ്യം നം: *265 മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരത്തകർച്ച

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ഡോ.കെ.ടി. ജലീൽ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ നിലവിൽ നിയന്ത്രണമൊന്നുമില്ല. ഇത് സംബന്ധിച്ച് എ.ഐ.സി.റ്റി.ഇ. അംഗീകാരവും ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശുപാർശ/അഫിലിയേഷനും ഉള്ള സ്ഥാപനങ്ങൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി സർക്കാർ NOC നൽകുന്നുണ്ട്. |
| (ബി) സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിലെ നിലവാരത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സർക്കാർ ജി.ഒ. (ആർ.ടി) നമ്പർ.1968/11/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കോളേജുകളിലെ അക്കാദമിക് സൗകര്യങ്ങളും പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിനും, വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുമായി, നിലവിലുള്ള കോളേജുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനും സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകുന്നതിന് നിലവിലുള്ള വിജയശതമാനം മാനദണ്ഡമാക്കിയിട്ടുണ്ട്. ഇത് കൂടാതെ സർവ്വകലാശാലാ തലത്തിലും പരിശോധനകൾ നടത്തുന്നുണ്ട്. |

| | |
|---|---|
| (സി) സ്വാശ്രയ കോളേജുകളിലെ ഭൗതിക സൗകര്യങ്ങളുടെ കുറവും യോഗ്യരായ അദ്ധ്യാപകരില്ലാത്തതുമാണ് നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുള്ളതെന്ന കാര്യം അറിവുള്ളതാണോ; | (സി) ഭൗതിക സാഹചര്യങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക്ക് യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കോളേജുകൾക്ക്, എം.ടെക്ക് യോഗ്യതയുള്ള കൂടുതൽ അദ്ധ്യാപകരെ നിയമിക്കുവാൻ നിർദ്ദേശം നൽകുകയും, സംസ്ഥാനത്ത് എം.ടെക്ക് യോഗ്യതയുള്ളവരുടെ കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ എം.ടെക് കോഴ്സുകൾ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടന്നിട്ടും കുട്ടികൾ പ്രവേശനം തേടി അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നതിന്റെ കാരണം സ്വാശ്രയ കോളേജുകളുടെ ദുരവസ്ഥയാണെന്ന കാര്യം വിലയിരുത്തി യിട്ടുണ്ടോ ; | (ഡി) അത്തരം പഠനം നടത്തിയിട്ടില്ല. |
| (ഇ) പ്രസ്തുത സാഹചര്യത്തിൽ ഇനിയും പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നതിൽ നിന്നും പിന്തിരിയുന്നതിനും പഠനസൗകര്യങ്ങളുടെ കാര്യത്തിൽ മാനേജുമെന്റുകൾക്ക് കർശനമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്താനും തയ്യാറാകുമോ? | (ഇ) പഠന സൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സമയാസമയങ്ങളിൽ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾക്ക്, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കാത്ത കോളേജുകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ